## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

## തിരുത്തൽ വിജ്ഞാപനം

നമ്പർ : LR2-3/50027/2018-KPSC

തിരുവനന്തപുരം ,
2020 ജനുവരി 21

15.11.2019 തീയതിയിലെ അസാധാരണ ഗസറ്റിൽ കാറ്റഗറി നമ്പർ 203/2019 ആയി പ്രസിദ്ധീകരിച്ചിരുന്ന മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിലെ ലാബ് ടെക്നീഷ്യൻ തസ്തികയുടെ വിജ്ഞാപനത്തിൽ താഴെ പറയും പ്രകാരമുള്ള ഭേദഗതി വരുത്തിയിരിക്കുന്നു.

1. ടി വിജ്ഞാപനത്തിലെ ഇനം 2, തസ്തികയുടെ പേര് എന്നതിന് നേരെ ചേർത്തിട്ടുള്ള ലാബ് ടെക്നീഷ്യൻ എന്നത് ലബോറട്ടറി ടെക്നീഷ്യൻ എന്ന് ഭേദഗതി ചെയ്തിരിക്കുന്നു.
2. ടി വിജ്ഞാപനത്തിലെ ഇനം 6 പ്രായം എന്നതിലെ കുറിപ്പ് 6(1) എന്നതിൽ നിലവിൽ ചേർത്തിട്ടുള്ള വ്യവസ്ഥകൾ താഴെ പറയും പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

ഇനം 6 കുറിപ്പ് (i)പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികൾക്ക് (Labourers of Meat Products of India) ഉയർന്ന പ്രായപരിധി 50(അൻപത്) വയസ്സിൽ കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ടി സ്ഥാപനത്തിലെ അവരുടെ സർവ്വീസിന് തുല്യമായ കാലത്തോളം പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. ഈ ആനുകൂല്യം ഉപയോഗപ്പെടുത്തണമെന്നാഗ്രഹിക്കുന്ന പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികൾ അവരുടെ സർവ്വീസ് വ്യക്തമായി കാണിക്കുന്ന സർട്ടിഫിക്കറ്റുകൾ ആ സ്ഥാപനത്തിലെ മേലധികാരിയിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

(ii) അപ്രന്റീസ്ഷിപ് ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടുള്ളവരെ അതേ സ്ഥാപനത്തിലോ അതേ രീതിയിലുള്ള ട്രേഡിലോ ജോലിയിലോ നിയമിക്കുമ്പോൾ 1961 ലെ അപ്രന്റീസ് അനുസരിച്ചുള്ള അവരുടെ ട്രെയിനിംഗ് കാലം കൂടി കണക്കാക്കി ഉയർന്ന പ്രായപരിധിയിൽ നിന്നും പ്രസ്തുത കാലം ഇളവ് ചെയ്യുന്നതാണ് മേൽ സൂചിത വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല

ഉത്തരവിൻ പ്രകാരം

സാജു ജോർജ്ജ് ,
സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ .